**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3047** **13-07-2022 - ൽ മറുപടിയ്ക്ക്**

**പോട്ട് ഹോൾ ഫ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പോട്ട് ഹോൾ ഫ്രീ കേരള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ മുഴുവൻ പൊതുമരാമത്ത് വകുപ്പ് റോഡുകളും പോട്ട്ഹോൾ ഫ്രീ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പരിപാലന കാലാവധി കഴിഞ്ഞ റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ആദ്യഘട്ടമായി 117.30 കോടി രൂപയുടേയും രണ്ടാംഘട്ടമായി 184.986 കോടി രൂപയുടേയും പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ട പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. രണ്ടാംഘട്ട പ്രവൃത്തികളിൽ ഭൂരിഭാഗത്തിന്റേയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മേൽ അനുവദിച്ച തുക പ്രകാരം 12332 കി.മീ. റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കാലവർഷം കണക്കിലെടുത്ത് റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ പ്രത്യേക ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ചീഫ് എഞ്ചിനീയർമാരും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന State level Task Force ന്റെയും District level Task Force ന്റെയും പ്രവർത്തനം 2022 ജൂൺ 1 മുതൽ ആരംഭിച്ചു. ഇതിന്റെ ഏകോപനത്തിനായി KSTP PI Cell ൽ പ്രത്യേക കൺട്രോൾ റൂമും പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പരായ 18004257771-ൽ പരാതികൾ ഉടൻതന്നെ വിളിച്ചറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ഉടൻതന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കും. ജില്ലാ ടാസ്ക് ഫോഴ്സിനും ഇതുസംബന്ധിച്ച വിവരം കൈമാറും. അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലസന്ദർശനം നടത്തി പരാതി പരിഹാരത്തിനുള്ള പ്രവർത്തനം നടത്താനാണ് |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചിരിക്കുന്നത്. കാലാവസ്ഥ അനുകൂലമെങ്കിൽ പരമാവധി 48 മണിക്കൂറിനുള്ളിൽ താത്കാലിക പരിഹാരമെങ്കിലും സാധ്യമാക്കുകയാണ്ചുമതല. സ്വീകരിച്ച പരാതി പരിഹാര നടപടി പരാതിക്കാരനെ നേരിട്ട് അറിയിക്കുകയും ചെയ്യും. പ്രവൃത്തി സമയബന്ധിതമായി നടക്കുന്നുവെന്ന് ജില്ലാതല ടാസ്ക്ഫോഴ്സ് ഉറപ്പുവരുത്തും. ജില്ലകളിലെ പരാതിപരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ഇടവേളകളിൽ State Task Force ഉം വിലയിരുത്തും. |

സെക്ഷൻ ഓഫീസർ